## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1231</u> <u>12.06.2014-ൽ മറുപടിയ്ക്ക്</u>

## <u>പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്ക്കരണം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| **ശ്രീമതി പി.അയിഷാ പോറ്റി** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്ക്കരണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;<br>(ബി) മാന്വൽ പരിഷ്ക്കരണം സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | <u>(എ)&(ബി):</u><br>01.02.2012-ലെ ജി.ഒ.(പി)നം.13/12/ പി.ഡബ്ല്യു.ഡി പ്രകാരം പുതുക്കിയ പൊതുമരാമത്ത് വകുപ്പ് മാന്വൽ നിലവിൽ വന്നു. അതിനെക്കുറിച്ച് അപാകതകൾ ഉയർന്നതിനാൽ അത് പരിഹരിക്കുന്നതിനായി 20.10.2012-ൽ ജി.ഒ.(ആർ.റ്റി) നം.1784/12/ പി.ഡബ്ല്യു.ഡി പ്രകാരം ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയമിക്കുകയും പ്രസ്തുത കമ്മിറ്റി, റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) മാന്വൽ പരിഷ്ക്കരണത്തിനായി കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ നടപടികൾ സ്വീകരിച്ചിരുന്നോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (സി) കഴിഞ്ഞ എൽ.ഡി.എഫ്.സർക്കാരിന്റെ അവസാന കാലഘട്ടത്തിൽ ഇതിനായി ശ്രമം നടന്നിരുന്നുവെങ്കിലും ഉത്തരവുകളൊന്നും തന്നെ പുറപ്പെടുവിക്കാനായില്ല. |

**സെക്ഷൻ ഓഫീസർ**